കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കേന്ദ്രവിഹിതം നഷ്ടമായിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ജൈവ കീട നിയന്ത്രണ മാർഗ്ഗങ്ങളുടെ പ്രാധാന്യം

15 (*375) ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ജൈവകീട നിയന്ത്രണ മാർഗ്ഗങ്ങളുടെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രംഗത്ത് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) ഏതെല്ലാം കീടങ്ങളുടെ എതിർപ്രാണികളെ കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) ഈ രംഗത്ത് പരീക്ഷണ നിരീക്ഷണങ്ങൾ കേരളത്തിൽ എവിടെയെല്ലാമാണ് നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ?.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഇപ്പോൾ സംസ്ഥാനത്ത് 9 പരാദപ്രാണി പ്രജനന സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ മണ്ണുത്തിയിൽ ഒരു ജൈവനിയന്ത്രണ ലബോറട്ടറിയും കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ചു. ഇതു കേരളത്തിലെ ആദ്യ സംരംഭമാണ്.

(സി) തെങ്ങിനെ ബാധിക്കുന്ന കരിന്തലപ്പുഴു, കൊമ്പൻചെല്ലി, നെല്ലിന്റെ ഇല ചുരുട്ടിപ്പുഴു, നെല്ലിന്റെ തണ്ടു തുരപ്പൻ പുഴു, മുഞ്ഞ, പല വിളകളിലും കാണുന്ന മീലിമുട്ട, കുരുമുളകിന്റെ ദ്രുതവാട്ടരോഗം, ആഫ്രിക്കൻ പായൽ തുടങ്ങിയവയ്ക്കെതിരെ എല്ലാം എതിർ പ്രാണികളെയോ പരാദങ്ങളെയോ കണ്ടെത്തിയിട്ടുണ്ട്.

(ഡി) കേരള കാർഷിക സർവ്വകലാശാല, കേന്ദ്രതോട്ട വിള ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ ഈ രംഗത്തു പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്.

കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം

16 (*376) ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പല ഗവേഷണ സ്ഥാപനങ്ങളിലും കാർഷികരംഗത്തിനാവശ്യമായ ഗവേഷണങ്ങളൊന്നും നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ ഗവേഷണ സ്ഥാപനത്തിന്റെയും പ്രവർത്തനം വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഡി) പ്രസ്തുത ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനംകൊണ്ട് സാധാരണ കർഷകർക്ക് എന്തെങ്കിലും പ്രയോജനം ലഭിക്കുന്നുണ്ടോ;

(ഇ) അത്യുല്പാദന ശേഷിയുള്ള വിത്തുകളും മറ്റും രൂപപ്പെടുത്തിയെടുക്കാൻ പ്രസ്തുത ഗവേഷണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ;

(എഫ്) കൃഷിനാശത്തിന് കാരണമായുള്ള കീടങ്ങളെ നശിപ്പിക്കുന്നതിന് പര്യാപ്തമായ പുതിയ കണ്ടുപിടുത്തങ്ങൾ നടത്താൻ ഗവേഷണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ;

(ജി) ഇത്തരം ഗവേഷണസ്ഥാപനങ്ങളുടെ പ്രവർത്തനം കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കാർഷിക സർവ്വകലാശാല ഗവേഷണകേന്ദ്രങ്ങളിൽ വിവിധ തരത്തിലും ഇനത്തിലുംപെട്ട ഗവേഷണങ്ങൾ നടന്നുവരുന്നു. ഗവേഷണ പദ്ധതിയിൽ നിശ്ചിതകാലയളവിൽ വിലയിരുത്തി പോരായ്മകൾ പരിഹരിച്ച് മുന്നോട്ടു കൊണ്ടുപോകുന്നതിന് വിവിധ തലങ്ങളിലുള്ള വിലയിരുത്തൽ കമ്മിറ്റികൾ ഉണ്ട്. ഗവേഷണ പദ്ധതികൾക്ക് രൂപം നൽകി അനുവദിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും റിസർച്ച് കോ ഓർഡിനേഷൻ ഗ്രൂപ്പ്, ഫാക്കൽറ്റി റിസർച്ച് കമ്മിറ്റി എന്നിങ്ങനെയുള്ള സംവിധാനങ്ങളും നിലവിലുണ്ട്. വിവിധ തലങ്ങളിൽ കൂലംകഷമായ വിലയിരുത്തലുകൾ നടത്തിയിട്ടാണ് ബാഹ്യ ഏജൻസികൾ ഗവേഷണ പദ്ധതികൾ അനുവദിച്ചുതരുന്നത്. നിശ്ചിത സമയ പരിധിക്കുള്ളിൽ അവയുടെ പുരോഗതി അവർക്ക് അയച്ചു കൊടുത്ത് അവ പഠനവിധേയമാക്കി പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയാണ് മുന്നോട്ടുപോകുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കഴിഞ്ഞിട്ടുണ്ട്.

(എഫ്) അപ്രതീക്ഷിതമായ കാർഷിക വിളകളെ ബാധിക്കുന്ന കീടരോഗബാധകളെ നിയന്ത്രിക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും വേണ്ട പരീക്ഷണ നിരീക്ഷണങ്ങൾ വിവിധ തലങ്ങളിൽ നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 29 ഗവേഷണ സ്ഥാപനങ്ങൾ കർഷകർക്ക് പരാമാവധി പ്രയോജനപ്പെടുന്ന തരത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ആധുനികയുഗത്തിന് അനുസരണമായും നൂതന പ്രവണതകൾ ഉൾക്കൊണ്ടുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്.

വനങ്ങളുടെ പുനരുദ്ധാരണത്തിന് പുതിയ പദ്ധതി

17 (*377) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. പി. രാഘവൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാശോന്മുഖമാക്കിക്കൊണ്ടിരിക്കുന്ന വനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) സാമൂഹ്യവനവൽക്കരണ പദ്ധതിപ്രകാരം വനങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനുവേണ്ടി ഇതുവരെ എന്തുതുക ചെലവഴിച്ചിട്ടുണ്ട്;

(എഫ്) നാശോന്മുഖമായ വനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ കൂടുതൽ പ്രാധാന്യം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 'വനപ്രിയ', ''വനസ്പതിവന്നു'' എന്നിവയാണ് ഈ പദ്ധതികൾ.

(സി) ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഈ ആവശ്യത്തിനായി 1992-93 ൽ 3.69 കോടി രൂപ ചെലവായിട്ടുണ്ട്. സാമൂഹ്യവനവൽക്കരണപദ്ധതി 31.3.93-ൽ അവസാനിച്ചതിനാൽ പിന്നീട് ഈ പദ്ധതി അനുസരിച്ച് ഈ ആവശ്യത്തിനായി പണം ചെലവാക്കിയിട്ടില്ല.

(എഫ്) നൽകുന്നുണ്ട്.

നെല്ലിയാംപതി വനനശീകരണത്തെക്കുറിച്ചുള്ള റിപ്പോർട്ട്

18 (*378) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാംപതി വനനശീകരണത്തെക്കുറിച്ച് നിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡന്റുമാരെ നോമിനേറ്റ് ചെയ്യണമെന്നാണ് അങ്ങ് നിയമ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്. അത് ശരിയല്ല. ഞങ്ങളൊക്കെ പ്രോജക്റ്റ് കമ്മിറ്റിയിൽ നിരന്തരം പോകുന്നവരാണ്. ഇപ്പോൾ ആ പ്രോജക്റ്റ് കമ്മിറ്റികളിൽ വളരെ വ്യക്തമായും വിളിക്കുന്നുണ്ട്. അപ്പോൾ അഞ്ച് എന്നു പറഞ്ഞ് അതിനെ ലിമിറ്റ് ചെയ്ത് പ്രസിഡന്റുമാർക്കുള്ള അധികാരം എടുത്തുകളയണോ? അത് വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. അഞ്ച് എന്ന് ലിമിറ്റ് ചെയ്യരുത്. ഒരു പ്രോജക്റ്റിന്റെ കീഴിൽ പത്തോ, പന്ത്രണ്ടോ പഞ്ചായത്തുകളാണ് മാക്സിമം ഉണ്ടാകുക. അതുകൊണ്ട് എല്ലാ പ്രസിഡന്റുമാരും അതിന്റെ കീഴിൽ വരുന്ന ചെയർമാനോ അല്ലെങ്കിൽ മേയറോ മറ്റാരെങ്കിലുമുണ്ടെങ്കിൽ അവരും അങ്ങനെ ആ നിലയിൽ ഭേദഗതി ചെയ്യണം. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കൂറേക്കൂടി ഏകോപിപ്പിക്കാനുള്ള അവസരം ഉണ്ടാക്കണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ രണ്ടു ബില്ലിനോടും യോജിക്കുകയാണ്.

മി. സ്പീക്കർ : ഇന്നത്തേത് അവസാനിച്ചു. ഈ ബില്ലിന്റെ ചർച്ച 13 -ാം തീയതി തുടരാവുന്നതാണ്. ഇനി ഒരു ഭേദഗതി കൂടി അവതരിപ്പിക്കാനുള്ളത് ശ്രീ. പി.പി തങ്കച്ചനാണ്. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് മാസം 9-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.32 ന് പിരിഞ്ഞു.)

അനുബന്ധം I

8.3.2000-ലെ നക്ഷത്രചിഹ്നമിട്ട 18 (*378)-ാം നമ്പർ ചോദ്യം ദയവായി കാണുക

പത്താം കേരള നിയമസഭാ പരിസ്ഥിതി സമിതി (96-98)ഏഴാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സ്വീകരിച്ച നടപടികളും

നമ്പർ	ശുപാർശകൾ	സ്വീകരിച്ച നടപടികൾ
1	2	3
1.	പ്രകൃതിയുടെ സംരക്ഷണത്തിന് മുഖ്യ പങ്ക് വഹിക്കുന്ന വനമേഖല സംരക്ഷിക്കുന്നതിന് ശക്തമായ നടപടി അടിയന്തിരമായി സ്വീകരിക്കുന്നതിന് സമിതി ശക്തിയായി ശുപാർശ ചെയ്യുന്നു	വനമേഖല സംരക്ഷിക്കുന്നതിനും വനഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിനും ശക്തമായ നടപടികൾ വനംവകുപ്പു സ്വീകരിച്ചുവരുന്നു.
2.	കൊച്ചി, തിരുവിതാംകൂർ, കൊല്ലംകോട് രാജകുടുംബങ്ങൾ കാലാവധിവച്ച് ചില വ്യവസ്ഥകൾക്ക് വിധേയമായി പാട്ടമായും പട്ടയമായും കൊടുത്തിട്ടുള്ള വനഭൂമികൾ പാട്ടവും പട്ടയവും റദ്ദ് ചെയ്ത് തിരികെ എടുക്കാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇപ്പോഴും ഈ സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ ലീസുകൾ ഒരു നോട്ടിഫിക്കേഷൻവഴി റദ്ദ് ചെയ്യാവുന്നതാണ്. കാരണം ലാന്റ് അസൈൻ	കൊച്ചി-തിരുവിതാംകൂർ, കൊല്ലംകോട് രാജകുടുംബങ്ങൾ പാട്ടമായി കൊടുത്തിട്ടുള്ള വനഭൂമികളുടെ പാട്ടക്കാലാവധി തീരുന്ന മുറയ്ക്ക് സർക്കാരിലേക്ക് ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മെന്റ് ആക്ടിൽ ആയതിന് വ്യവസ്ഥയു ള്ളതും അതിൻപ്രകാരമാണ് അസൈൻ മെന്റും ലീസും നൽകിയിട്ടുള്ളത്.

3 പൊതു താല്പര്യം കണക്കിലെടുത്തും സംസ്ഥാനത്തിന്റെ വനസമ്പത്ത് സംര ക്ഷിക്കുന്നതിനും പരിസ്ഥിതി സംരക്ഷി ക്കുന്നതിനുമായി പാട്ടവ്യവസ്ഥയിലും പട്ടയവ്യവസ്ഥയിലും സ്വകാര്യവ്യക്തി കൾക്ക് നൽകിയിട്ടുള്ള മുഴുവൻ വനഭൂ മിയും യാതൊരു നഷ്ടപരിഹാരവും കൊടുക്കാതെ ഗവൺമെന്റ് ഏറ്റെടുക്ക ണമെന്നും ആയതിന് ആവശ്യമായ നിയമനിർമ്മാണം അടിയന്തിരമായി നട ത്തണമെന്നും സമിതി ശുപാർശ ചെയ്യു ന്നു. (കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെ സ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് ഓഫ് 1971 ഇതിനൊരു മാതൃകയാണ്.)

ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

4. വനഭൂമിയിലും മലപ്രദേശങ്ങളിലും സ്വകാര്യഭൂമിയിലും ഉള്ള സ്വകാര്യ റോഡുകൾ ഉൾപ്പെടെയുള്ള എല്ലാ റോഡുകളും ഗവൺമെന്റിൽ നിക്ഷി പ്തമാക്കി പൊതുജനങ്ങൾ, പ്രസ്തുത റോഡുകൾ ഉപയോഗിക്കുന്നതിന് ടോൾ ഏർപ്പെടുത്തുന്നതും മറ്റുതടസ്സ ങ്ങൾ സൃഷ്ടിക്കുന്നതിനും നിരോധി ക്കുന്നതിനും ആവശ്യമായ വ്യവസ്ഥ കൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു നിയ മനിർമ്മാണം ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇത്തരം ഒരു നിയമനിർമ്മാണം പൊതുജനങ്ങൾക്ക് ഏതു സമയത്തും എപ്പോഴും വനഭൂമി യിൽ പ്രവേശിക്കുന്നതിന് അവസരം നൽകുന്നതിനാൽ അനധികൃത മരംമു റിയും വനം നശീകരണ പ്രവർത്തന ങ്ങളും തടയുന്നതിന് സഹായിക്കുന്ന താണെന്നും സമിതി കരുതുന്നു.

സ്വകാര്യ റോഡുകൾ സർക്കാർ ഏറ്റെ ടുത്ത് പൊതുജനങ്ങൾക്ക് യഥേഷ്ടം സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം അനുവദി ച്ചാൽ അത് വനസംരക്ഷണത്തെയും വന്യജീവി സംരക്ഷണത്തെയും സാമ ായി ബാധിക്കും എന്നുള്ളതുകൊണ്ട് ഈ കാര്യം വിശദമായി വിശകലനം ചെയ്യേണ്ടതുണ്ട്.

5. മരങ്ങൾ ഗവൺമെന്റിന്റെ റോയൽറ്റി ആണ്. ഗവൺമെന്റിന്റെ അനുവാദമി ല്ലാതെ ആർക്കും ഒരു മരവും മുറി ക്കാൻ അവകാശമില്ലാത്തതുമാണ്. ഈ വ്യവസ്ഥ കൂടി കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ ഉൾപ്പെടുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. പുതുതായി ഏർപ്പെടുത്തുന്ന ഈ വ്യവ സ്ഥയ്ക്ക് വിരുദ്ധമായി ഏതെങ്കിലും കരാറോ, നിയമമോ, കീഴ്വഴക്കമോ എന്തുതന്നെയായിരുന്നാലും ഈ നിയമം അനുശാസിക്കുന്ന വകുപ്പു

ബഹു. സുപ്രീംകോടതിയുടെ 202/95 നമ്പർ ഉത്തരവ് പ്രകാരം വനം എന്ന നിർവചനം ഉള്ള ഒരു സ്ഥലത്തെയും മര ങ്ങൾ കേന്ദ്രാനുവാദം ഇല്ലാതെ മുറി ക്കാൻ സാധിക്കുകയില്ല. തന്നെയുമല്ല കോടതിവിധി അനുസരിച്ച് മുൻ ഉടമ കൾക്ക് തിരികെ കൊടുക്കുന്ന വനഭൂമിക ളിൽ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട് സെക്ഷൻ (5) അനുസരിച്ച് മരം മുറി നിരോധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൾക്കായിരിക്കണം പ്രാബല്യമുണ്ടാകുന്നത് എന്ന് സമിതി നിർദ്ദേശിക്കുന്നു.

6. ഗവൺമെന്റ് വക്കീലന്മാരുടെ നിരുത്തരവാദിത്വംമൂലം കേരള ഹൈക്കോടതിയിലെ ഏകാംഗ ജഡ്ജ്മെന്റ് മുഖേന സ്വകാര്യവ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ടി വന്ന വനഭൂമി തിരികെ പിടിക്കുന്നതിന് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിലും ഫുൾബഞ്ചിലും വേണ്ടിവന്നാൽ സുപ്രീംകോടതിയിലും അപ്പീൽ കൊടുക്കുന്നതിന് ആവശ്യമായ നടപടി സത്വരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കോടതി ഉത്തരവുമൂലം സ്വകാര്യവ്യക്തികൾക്ക് വനഭൂമി തിരികെ വിട്ടുകൊടുക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ നിയമവിദഗ്ദ്ധരുടെ അഭിപ്രായമനുസരിച്ച് അപ്പീൽ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

7 വനസംബന്ധമായി ഹൈക്കോടതിയിലും മറ്റു ഉപരികോടതികളിലും ഉണ്ടായിട്ടുള്ള കേസുകളിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിൽ ഗവൺമെന്റ് വക്കീലന്മാർ പരാജയപ്പെട്ടതായി സമിതിയ്ക്ക് ബോധ്യമായി. ഇപ്പോഴത്തെ കേസ് നടത്തിപ്പ് സംവിധാനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വനസംബന്ധമായ കേസുകളിൽ സംസ്ഥാനത്തിന്റെ താല്പര്യം പൂർണ്ണമായി സംരക്ഷിക്കുന്നതിന് പ്രസ്തുത കേസുകളുടെ നടത്തിപ്പ് കാര്യശേഷിയുള്ള ഗവൺമെന്റ് വക്കീലന്മാരെ ചുമതലപ്പെടുത്തുകയും അവരുടെ പ്രവർത്തനം കാലാകാലങ്ങളിൽ അഡ്വ. ജനറൽ വിലയിരുത്തേണ്ടതും അതിൽ വീഴ്ച വരുത്തുന്ന വക്കീലന്മാരെ പ്രസ്തുത ഉത്തരവാദിത്വത്തിൽനിന്നും നീക്കം ചെയ്യുന്നതിനും ഗവൺമെന്റിനെ ഉപദേശിക്കുന്നതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

വനം വകുപ്പിന്റെ കേസുകൾക്ക് മാത്രമായി ഹൈക്കോടതിയിൽ ഹാജരാകുന്നതിന് അഡ്വക്കേറ്റിനെ നിയമിച്ചിട്ടുണ്ട്.

8. വളരെ തുച്ഛമായ നിരക്കിനാണ് വനഭൂമി പാട്ടമായി നൽകിയിട്ടുള്ളത്. പാട്ടം വർദ്ധിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 1996 നവംബറിൽ കേരള നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ തുച്ഛമായ പാട്ടനിരക്കുമൂലം പ്രതിവർഷം 500 കോടി രൂപയുടെ നഷ്ടം സർക്കാരിന് ഉണ്ടാകുന്നതായി ചൂണ്ടിക്കാട്ടിയിരുന്നു. സംസ്ഥാന സർക്കാർ ഉടമയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും വനഭൂമിക്ക് ഹെക്ടറിന് 1800 രൂപയാണ് പാട്ടമായി ഈടാക്കുന്നത്. ആയതി

വനഭൂമി വനേതര ആവശ്യങ്ങൾക്ക് നൽകുന്നതിനുള്ള പാട്ടനിരക്ക് പുതുക്കാനും അവ ഏകീകരിക്കാനും ഉള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

നാൽ ഇന്നുള്ള പാട്ടനിരക്ക് ഏകീകരിച്ച എല്ലാ വനഭൂമിയ്ക്കും ഹെക്ടറിന് 1800 രൂപയായി ഉയർത്തണമെന്നും ഇതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

9 പാട്ട ഉടമകളുടെ അറ്റാദായത്തിന്റെ 75 ശതമാനം സർക്കാരിലേക്ക് നൽകാനുള്ള വ്യവസ്ഥ സ്റ്റേ ചെയ്ത നടപടി റദ്ദ് ചെയ്യുകയും ഇതിനിടയായ സാഹചര്യം സംബന്ധിച്ച് വനംവകുപ്പ് സെക്രട്ടറി എല്ലാ അനധികൃത വനകൈമാറ്റങ്ങൾക്കും നിയമസാധ്യത നൽകിക്കൊണ്ട് ജി.ഒ. (എം.എസ്.) 83/11/95 നമ്പരായിട്ടുള്ള ഉത്തരവ് ഇറക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. — നിർദ്ദേശം പരിഗണനയിലാണ്.

10. പാട്ടക്കാലാവധി കഴിഞ്ഞ് വനഭൂമി സർക്കാർ ഏറ്റെടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. — പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി സർക്കാർ ഏറ്റെടുക്കുന്നതിൽ വീഴ്ച വരുത്തിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചുവരുന്നു. ഉണ്ടെങ്കിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

11 സ്വകാര്യ എസ്റ്റേറ്റുകളിൽ എസ്റ്റേറ്റു ഉടമകളെ സഹായിക്കാൻവേണ്ടി പിച്ചിംഗ് കൊടുക്കുന്നതിനും ചെക്ക്ഡാം നിർമ്മിക്കുന്നതിനും മത്സ്യകൃഷിക്കുമായി പൊതുഖജനാവിലെ ധനം ദുർവിനിയോഗം ചെയ്തതായി സമിതിക്ക് ബോധ്യമായി. ഇത് അവസാനിപ്പിക്കണമെന്നും പിച്ചിംഗ് കൊടുക്കുന്നതിനും ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനും മത്സ്യകൃഷിക്കും മറ്റും സ്വകാര്യ എസ്റ്റേറ്റ് ഉടമകൾക്ക് നൽകിയിട്ടുള്ള മുഴുവൻ പണവും തിരികെ പിടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. — സ്വകാര്യ എസ്റ്റേറ്റുകളിൽ ചെക്ക്ഡാം കെട്ടുന്നതിനോ മറ്റേതെങ്കിലും പ്രവർത്തികൾക്കോ വനം വകുപ്പിൽനിന്ന് യാതൊരു സാമ്പത്തിക സഹായവും നൽകിയിട്ടില്ല.

12. കാലാവസ്ഥയെ നിയന്ത്രിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും മരങ്ങൾ സംരക്ഷിക്കേണ്ടത് അടിയന്തിര ആവശ്യമായി തീർന്നിരിക്കുകയാണ്. ആയതിനാൽ എന്തിന്റെ പേരിൽ ആയിരുന്നാലും മരംമുറിച്ചു മാറ്റുന്നത് കർശന — അനധികൃതമായി മരംമുറിക്കുന്നത് തടയുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നമായി തടയണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13 കാപ്പി, ഏലം തോട്ടങ്ങളിൽ തണൽ ക്രമീകരണങ്ങൾ നടത്തുന്നു എന്നതിന്റെ പേരിൽ സ്വകാര്യ പാട്ട ഉടമകൾ നടത്തുന്ന വനം കൊള്ള കർശനമായി തടയണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കാപ്പി, ഏലം മുതലായ തോട്ടങ്ങളിൽ തണൽ ക്രമീകരണം നടത്തുന്നതിനായി മരംമുറിക്കുന്നത് കേരള വൃക്ഷസംരക്ഷണ നിയമപ്രകാരം നിയന്ത്രിച്ചിട്ടുണ്ട്.

14 മരംമുറിച്ച സ്ഥലങ്ങളിൽ പുതുതായി മരംവച്ചു പിടിപ്പിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും വനംവകുപ്പിന്റെ മേൽനോട്ടത്തിൽ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതിന്റെ പുരോഗതിയെ സംബന്ധിച്ച് സമിതിയെ അറിയിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

മുറിക്കപ്പെടുന്ന മരങ്ങൾക്ക് പകരമായി പുതിയമരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15 കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ പാട്ട ഉടമകളിൽനിന്നും ഏറ്റെടുക്കണമെന്നും തൊഴിലാളികൾക്ക് തൊഴിൽനഷ്ടം ആകാത്ത രീതിയിൽ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ പാട്ട ഉടമകളിൽനിന്നും ഏറ്റെടുത്ത് വനം വകുപ്പിന്റെ അധീനതയിൽ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16 രാസവളം, കീടനാശിനി ഇവ അമിതമായി ഉപയോഗിക്കുന്നതുമൂലം അവ ഒലിച്ചിറങ്ങി ചെക്കുഡാമുകൾ മലിനമാകുകയും മണ്ണിന്റെ ഫലപുഷ്ടത നഷ്ടപ്പെടുകയും ചെയ്യുന്നതിനാൽ അതിന്റെ ഉപയോഗം കർശനമായി നിരോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സമിതിയുടെ നിർദ്ദേശം തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചിട്ടുണ്ട്.

17. മറ്റുസ്ഥലങ്ങളിൽ ഇല്ലാത്തതും ഇവിടെ കാണപ്പെടുന്നതും ജീവശാസ്ത്ര മേഖലയിൽ പ്രാധാന്യം അർഹിക്കുന്നതുമായ പക്ഷികൾ, സിംഹവാലൻ കുരങ്ങ്, കരിംകുരങ്ങ്, മലയണ്ണാൻ, വേഴാമ്പൽ, മലമുഴങ്ങി, നത്ത്, പുള്ള്, കാട്ടുകോഴി, ഇനാംപേച്ചി, ഉടുമ്പ്, കാട്ടുപന്നി ഇവയെ വേട്ടയാടുന്നതും അപൂർവ്വ ഔഷധസസ്യങ്ങൾ അമിതമായി ചൂഷണം ചെയ്യുന്നതും കർശനമായി നിരോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

വനപ്രദേശങ്ങളിൽ എല്ലാത്തരം വേട്ടയാടലും ഔഷധ സസ്യങ്ങളുടെ ചൂഷണവും വനനിയമങ്ങൾ പ്രകാരം നിരോധിച്ചിട്ടുണ്ട്.

18. അനധികൃത മരംമുറിയും വനനശീകരണവും സംബന്ധിച്ച് വിവരം നൽകുന്നപൊതു പ്രവർത്തനങ്ങൾക്കും ഇതു തടയാൻ ശക്തമായ നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും ക്യാഷ് അവാർഡ് നൽകി അവരെ പ്രോത്സാ

അനധികൃത മരംമുറിക്കലും വനനശീകരണവും സംബന്ധിച്ച് യഥാസമയം വനം വകുപ്പിനെ വിവരം അറിയിക്കുന്നവർക്കും സ്തുത്യർഹമായി വനസംബന്ധമായ കേസുകൾ കണ്ടുപിടിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന വനം വകുപ്പു ഉദ്യോഗസ്ഥന്മാർക്ക് ക്യാഷ്

LIBRARY ARCHIVES Kerala Legislative Assembly